**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4161** **18-07-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന നടപ്പിലാക്കുന്ന ആലുവ - മൂന്നാർ റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന നടപ്പിലാക്കുന്ന ആലുവ - മൂന്നാർ റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | ഈ പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 20-03-2022 ൽ 653.06 കോടി രൂപയുടെ ധനാനുമതി നൽകുകയും റോഡ് നിർമാണത്തിനായി പദ്ധതി നിർവഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ്, കിഫ്ബി- ടെക്നിക്കൽ റിസോഴ്സ് സെന്ററിന്റെ (KIIFB -TRC) സഹായത്തോടു കൂടി ഡിസൈൻ നടപടികൾ നിർവഹിച്ച് വരികയുമാണ്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്ന മുറക്ക് നിർവഹണ ഏജൻസി, റോഡ് നിർമാണത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | ടി പദ്ധതി, ഡിസൈൻ ഘട്ടത്തിലായതിനാൽ സമയപരിധി നിശ്ചയിച്ചിട്ടില്ല. നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | ടി പദ്ധതി, ഡിസൈൻ ഘട്ടത്തിലായതിനാൽ സമയപരിധി നിശ്ചയിച്ചിട്ടില്ല. നിലവിൽ തടസ്സങ്ങൾ ഒന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ